# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560

ഫോൺ: 0481 - 2733298


2020 ഓഗസ്റ്റ് 26

# വാർത്താക്കുറിപ്പ്

## ഇന്റർനാഷണൽ, സാറ്റലൈറ്റ് കാമ്പസുകൾ ആരംഭിക്കാൻ എം.ജി. സർവകലാശാല; സ്ഥലത്തിനായി സർക്കാരിനെ സമീപിക്കും

### - കോവിഡ് 19; ആറാം സെമസ്റ്റർ ബിരുദ പരീക്ഷയെഴുതാൻ കഴിയാത്തവർക്ക് സെപ്റ്റംബറിൽ പ്രത്യേക പരീക്ഷ

മഹാത്മാഗാന്ധി സർവകലാശാലയുടെ അധികാര പരിധിക്കുള്ളിൽ ഇന്റർനാഷണൽ, സാറ്റലൈറ്റ് കാമ്പസുകൾ ആരംഭിക്കുന്നതിനായി ഭൂമി ലഭ്യമാക്കുന്നതിന് സംസ്ഥാന സർക്കാരിനെ സമീപിക്കാൻ സർവകലാശാല സിൻഡിക്കേറ്റ് യോഗം തീരുമാനിച്ചു. വൈസ് ചാൻസലർ പ്രൊഫ. സാബു തോമസിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിലാണ് തീരുമാനം.

സർവകലാശാലയുടെ അധികാരപരിധിയിൽ ഇന്റർനാഷണൽ കാമ്പസ് ആരംഭിക്കുന്നതിന് 100 ഏക്കർ സ്ഥലവും എറണാകുളം ജില്ലയിൽ പഠനവകുപ്പുകൾ സ്ഥാപിച്ച് സാറ്റലൈറ്റ് കാമ്പസ് ആരംഭിക്കുന്നതിനാവശ്യമായ ഭൂമിയും ലഭിക്കുന്നതിനാണ് സർക്കാരിനെ സമീപിക്കുക. എറണാകുളം, ഇടുക്കി, പത്തനംതിട്ട ജില്ലകളിൽ സാറ്റലൈറ്റ് കാമ്പസും അക്കാദമിക് സിറ്റിയും സ്ഥാപിക്കുകയാണ് ലക്ഷ്യം.

കോവിഡ് 19 വ്യാപനം മൂലം ആറാം സെമസ്റ്റർ ബിരുദ പരീക്ഷയെഴുതാൻ കഴിയാത്ത വിദ്യാർഥികൾക്ക് സെപ്റ്റംബർ അവസാനത്തോടെ പ്രത്യേക പരീക്ഷ നടത്താൻ തീരുമാനിച്ചു. ഇവരിൽ അർഹരായ വിദ്യാർഥികളുടെ ബിരുദാനന്തരബിരുദ പ്രവേശനത്തിന് ഉചിതമായ നടപടി സ്വീകരിക്കും. സ്വാശ്രയ കോളജിലെ അധ്യാപകർക്കും ജീവനക്കാർക്കും ലോക്ഡൗൺ കാലയളവിലെ ശമ്പളം വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കാൻ കോളജുകൾക്ക് നിർദേശം നൽകും. എസ്.എഫ്.സി.ടി.എസ്.എ. നൽകിയ നിവേദനം പരിഗണിച്ചാണ് നടപടി.

(പി.ആർ.ഒ/39/839/2020)

## പ്രവാസി തൊഴിൽ നഷ്ടം കേരളത്തെ ദോഷകരമായി ബാധിക്കും: കെ.പി. ഫാബിയാൻ

തൊഴിൽ നഷ്ടപ്പെട്ടതിനെത്തുടർന്ന് ഗൾഫ് രാജ്യങ്ങളിൽനിന്ന് പ്രവാസി ഇന്ത്യക്കാർ മടങ്ങിവരുന്നത് കേരളത്തെ ദോഷകരമായി ബാധിക്കുമെന്ന് മുൻ അംബാസിഡർ കെ.പി. ഫാബിയാൻ. 'ഗൾഫ് രാജ്യങ്ങളിലെ പ്രവാസി തൊഴിൽ നഷ്ടവും കേരളം നേരിടുന്ന വെല്ലുവിളികളും' എന്ന വിഷയത്തിൽ മഹാത്മാഗാന്ധി സർവകലാശാല ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ സോഷ്യൽ സയൻസ് റിസർച്ച് ആൻഡ് എക്സ്റ്റൻഷനും സ്കൂൾ ഓഫ് ഇന്റർനാഷണൽ റിലേഷൻസ് ആൻഡ് പൊളിറ്റിക്സും ഇന്ത്യൻ പ്രവാസപഠന കേന്ദ്രവും സംഘടിപ്പിച്ച ഓൺലൈൻ പ്രത്യേക പ്രഭാഷണ പരിപാടിയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

മടങ്ങിവരുന്നവരുടെ പുനരധിവാസത്തിനും ജോലിക്കും സമഗ്രനടപടി വേണ്ടിവരും. എണ്ണ വരുമാനം കുറഞ്ഞതിനെത്തുടർന്ന് കുവൈത്ത് രാജ്യത്തെ പ്രവാസികളുടെ ജനസംഖ്യ 70 ശതമാനത്തിൽനിന്ന് 30 ആക്കി കുറയ്ക്കാനുള്ള നടപടികളിലാണ്. മറ്റു ഗൾഫ് രാജ്യങ്ങളും ഈ രീതി സ്വീകരിച്ചേക്കാം. ഇന്ത്യൻ പ്രവാസി തൊഴിലാളികളിൽ 40 ശതമാനം വരുന്ന കേരളീയരെ തൊഴിൽ നഷ്ടം ദോഷകരമായി ബാധിക്കുമെന്നും അദ്ദേഹം പറഞ്ഞു.

1990കളിലെ ഗൾഫ് യുദ്ധവും നിതാഖതും ആഗോളമാന്ദ്യവും നേരിട്ട കേരളത്തിലെ പ്രവാസികൾ തൊഴിൽ നഷ്ടത്തെ അതിജീവിക്കുമെന്നാണ് പ്രതീക്ഷയെന്നും ഉത്കണ്ഠപ്പെടേണ്ടതില്ലെന്നും സി.ഡി.എസ്.

പ്രൊഫസർ ഡോ. ഇരുദയ രാജൻ പറഞ്ഞു. ഡോ. കെ.എം. സീതി, ഷാജഹാൻ മാടപ്പാട്ട്, ഡോ. ബി. ഇക്ബാൽ, ഡോ. എം.എച്ച്. ഇല്ല്യാസ്, ഡോ. ലിറാർ, ഡോ. മാത്യു വർഗീസ്, പാർവതി ദേവി എന്നിവർ സംസാരിച്ചു.

(പി.ആർ.ഒ/39/840/2020)

**പരീക്ഷ ഫലം**

2019 ഡിസംബറിൽ സ്കൂൾ ഓഫ് മാനേജ്മെന്റ് ആൻഡ് ബിസിനസ് സ്റ്റഡീസിൽ നടന്ന മൂന്നാം സെമസ്റ്റർ എം.ബി.എ.(റഗുലർ, റീ അപ്പിയറൻസ്) പരീക്ഷ ഫലം പ്രസിദ്ധീകരിച്ചു.

(പി.ആർ.ഒ/39/841/2020)

2019 ഡിസംബറിൽ നടന്ന രണ്ടാം സെമസ്റ്റർ പി.ജി. ഡിപ്ലോമ ഇൻ ഇന്ത്യൻ സൈൻ ലാംഗ്വേജ് (പാർട്ട് ടൈം 2017-2019) പരീക്ഷ ഫലം പ്രസിദ്ധീകരിച്ചു.

(പി.ആർ.ഒ/39/842/2020)

# English Press Release

## Gulf Migrant Return: Concerns and Confidence

The return of Indian migrants from the GCC countries will affect the state of Kerala badly in the coming days, according to Ambassador K.P. Fabian, former Indian diplomat who was the head of the Gulf Division in the Ministry of External Affairs and coordinated the evacuation Indian nationals from Kuwait and Iraq way back in 1990. He was delivering the Special Lecture on "Downsizing Migrant workers in GCC countries Impending challenges for Kerala" in a web-interaction organized by the Inter University Centre for Social Science Research and Extensions (IUCSSRE) and the Centre for Indian Diaspora Studies (CIDS) of Mahatma Gandhi University. Ambassador K.P. Fabian said that "the amount of remittance will go down significantly and those who come back from the Gulf will need the state support to settle down and to find jobs. He noted that this is the first time India and other man-power exporting countries are facing such a problem of huge magnitude. "Kerala accounting for about 45% of the Indian work force in the GCC will be affected more than other states. The State needs to study this matter and work out a plan in good time," he said.

Ambassador Fabian also sounded alarm at the strategies of downsizing migrants in the GCC states. Pointing to the efforts underway in Kuwait to reduce the number of expatriates in the population from the current level of 70 per cent to 30 per cent, he said that this might trigger similar moves in other GCC states also. The reduction is to be effected over years. Apart from the concern over having too many foreigners in and the need to find jobs for the young citizens, the stronger reason is the declining oil income on which Kuwait is heavily dependent, with its budget for 2020-21 having a deficit equal to 28 percent of its GDP. He said while Kuwait is the most dependent on oil income, other states in the GCC too are facing serious economic problems. There is already a move to reduce the number of foreign workers in the entre GCC. Ambassador Fabian said that the work force in the GCC has about 15 million from South Asia and India has the largest share therein, as

many as 8 million. This underscores the need for urgent initiatives from states like Kerala, he added.

Dr. Irudaya Rajan, Professor at the Centre for Development Studies, contested the projections of the number of return migrants from countries like Kuwait and said that a significant number of expatriates who are working in low paid jobs are unlikely to return and cannot be replaced easily. He said that replacing the hardworking Indians with relatively low-wages is easier said than done. To fully replace them will be a formidable task which, he said, will not be so comfortable in the present circumstances. Dr. Rajan noted that even if the proposed cap reduces to 15 per cent as the Kuwaiti legislation proposes, only 3 lakh Indians are likely to return and it would not have a major impact on either Indian emigration to Kuwait or decline in remittances. He also said that these are categories of jobs that Kuwaiti nationals might not be able to step in and occupy easily. Dr. Rajan said that Kerala does not have to worry too much about return migration as this has been happening over years without much let up. They had returned from the Gulf in large numbers during the Gulf War of 1990-91, the global recession of 2008 and after the enactment of 'Nitaqat' Law by Saudi Arabia in 2011. Yet, the remittances continued to be on the rise. There would again be replacement of jobs of one kind or other with a shift in business and market strategies, he said.

Shajahan Madampat, a UAE-based cultural critic and commentator said that notwithstanding the initial fears of a high magnitude exodus from the Gulf with the outbreak of the COVID-19 pandemic, the situation does not seem to have resulted in a massive flow of Indian nationals. As the pandemic situation in the GCC countries is getting under control, this will surely enhance the confidence of the migrants in the coming days, he said. Dr. B. Ekbal, Dr. M.H. Ilias, Dr. Lirar and others spoke and interacted with the guest speakers. K.M. Seethi, Director, IUCSSRE, welcomed the session and Dr. Mathew Varghese, IUCSSR Adjunct Faculty, and Parvathy Devi researcher on migration coordinated the session.

(പി.ആർ.ഒ/39/843/2020)

**എ. അരുൺ കുമാർ**
പബ്ലിക് റിലേഷൻസ് ഓഫീസർ